✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1128

# സൂറ – 39 / അസ്സുമർ

## സൂക്തം: 04 – 06

യുഗങ്ങളായി പ്രപഞ്ചത്തെ ഇത്ര സുഭദ്രമായി സംവിധാനിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശക്തി അജയ്യ ശക്തൻ തന്നെയാണെന്നു മനസ്സിലാക്കണം. അവന് വല്ല കുറവുമുണ്ടെങ്കിൽ പ്രപഞ്ചം ഈ അവസ്ഥയിൽ നിലൽക്കുമായിരുന്നില്ല. അവനെ ജയിക്കാൻ കഴിയുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവരിതു പിടിച്ചടക്കുമായിരുന്നു. അതിന്റെയും ഫലം പ്രപഞ്ചത്തിന്റെ തകർച്ചയായിരിക്കും.

لَّوْ أَرَادَ ٱللَّهُ أَن يَتَّخِذَ وَلَدًا لَّٱصْطَفَىٰ مِمَّا يَخْلُقُ مَا يَشَآءُ ۚ
سُبْحَٰنَهُۥ ۖ هُوَ ٱللَّهُ ٱلْوَٰحِدُ ٱلْقَهَّارُ ﴿٤﴾

4. അല്ലാഹുവിന് ഒരു പുത്രൻ വേണമെന്നുണ്ടായിരുന്നുവെങ്കിൽ തന്റെ സൃഷ്ടികളിൽനിന്ന് തനിക്കിഷ്ടമുള്ളതിനെ അവൻ തന്നെ പുത്രനായി തെരഞ്ഞെടുക്കുമായിരുന്നു. പക്ഷേ, അവൻ അതിന്നതീതനായ പരമപരിശുദ്ധനാകുന്നു. സകലത്തെയും അടക്കിഭരിക്കുന്ന ഏകനായ സാക്ഷാൽ ദൈവമാണവൻ.

**4**

لَّوْ أَرَادَ اللَّهُ أَن يَتَّخِذَ وَلَدًا = അല്ലാഹു ഒരു സന്തതിയെ സ്വീകരിക്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ (ഒരു പുത്രൻ വേണമെന്നുണ്ടായിരുന്നുവെങ്കിൽ)

لَّاصْطَفَىٰ = അവൻ തന്നെ (പുത്രനായി) തെരഞ്ഞെടുക്കുമായിരുന്നു

مِمَّا يَخْلُقُ = അവൻ സൃഷ്ടിക്കുന്നതിൽനിന്ന് (അവന്റെ സൃഷ്ടികളിൽനിന്ന്)

مَا يَشَاءُ = അവനിച്ഛിക്കുന്നതിനെ (തനിക്കിഷ്ടമുള്ളതിനെ)

سُبْحَانَهُ = (പക്ഷേ) അവൻ (അതിന് അതീതനായ) പരമപരിശുദ്ധനാകുന്നു

هُوَ اللَّهُ = സാക്ഷാൽ ദൈവമാണവൻ

الْوَاحِدُ الْقَهَّارُ = (സകലത്തെയും) അടക്കിഭരിക്കുന്ന ഏകനായ(സാക്ഷാൽ ദൈവമാണവൻ)

ബഹുദൈവത്വ മതങ്ങൾ പൊതുവിൽ ദൈവങ്ങളെ സങ്കൽപിക്കുന്നത് പുത്രകളത്രാദികളുള്ളവരായിട്ടാണ്. ദൈവങ്ങളെ മനുഷ്യർക്ക് സദൃശരായി കാണുന്നതിനാലാണത്. ഒരാളെ പൂർണനായി കണക്കാക്കുക അയാൾക്ക് കുടുംബവും കുട്ടികളുമൊക്കെയുണ്ടാകുമ്പോഴാണല്ലോ. അതൊന്നുമില്ലാത്ത ഒറ്റാംതടികൾ അപൂർണരാണ്. അപൂർണതയിൽനിന്ന് ദൈവങ്ങൾ മുക്തരാവാൻ അവർക്ക് പുത്രകളത്രാദികളുണ്ടായേ പറ്റൂ. ഖുർആൻ ഈ സങ്കൽപത്തെ അസന്ദിഗ്ധമായി നിഷേധിക്കുന്നു. لَمْ يَلِدْ وَلَمْ يُولَدْ (അവൻ ജനിപ്പിച്ചിട്ടില്ല, ജനിച്ചിട്ടുമില്ല -112:3). അവനെ യാതൊരു സൃഷ്ടിയോടും സാദൃശ്യപ്പെടുത്തി കണ്ടുകൂടാ. കാരണം وَلَمْ يَكُن لَّهُ كُفُوًا أَحَدٌ (അവനൊത്തവനായി ആരുമില്ല -112:4). لَيْسَ كَمِثْلِهِ شَيْءٌ (അവന്നു തുല്യമായി യാതൊന്നുമില്ല).

ജാഹിലീ അറബികൾ മലക്കുകളെ അല്ലാഹുവിന്റെ പെൺമക്കളായി കരുതി ആരാധിച്ചിരുന്നു. മറ്റു മതങ്ങളും ദേവീദേവന്മാരെ മഹാദേവന്റെ മക്കളായി സങ്കൽപിക്കുന്നു. ഇന്ത്യൻ ദൈവങ്ങളുടെ കാര്യത്തിൽ ഇത് ഏറെ കൗതുകകരമാണ്. ചില ദൈവങ്ങൾ പുത്രകളത്രാദികളുമായി സ്വർഗലോകത്ത് സസുഖം വാഴുന്നു. ചില ദൈവങ്ങൾ മനുഷ്യസ്ത്രീകളെ പ്രാപിച്ച് അവരിൽ കുട്ടികളെ ജനിപ്പിക്കുന്നു. മനുഷ്യരായ ദമ്പതികളിൽ പിറക്കുന്ന ഭഗവാന്മാരുമുണ്ട്. അവർ വളർന്നു വലുതായി മനുഷ്യ സ്ത്രീകളെ തന്നെ വേൾക്കുകയും അവരിൽ കുട്ടികളെ ജനിപ്പിക്കുകയും ചെയ്യുന്നു. ആ കുട്ടികൾ പക്ഷേ ദൈവങ്ങളാവണമെന്നില്ല. രാമായണ-മഹാഭാരതാദി പുരാണങ്ങളിലും മറ്റ് ഇതിഹാസ കഥകളിലും ഇതിനൊക്കെ ധാരാളം ഉദാഹരണങ്ങൾ കാണാം. ദൈവത്തിന്റെ ഏകത്വത്തിൽ അധിഷ്ഠിതമായ മതങ്ങളിൽ പോലും കാലാന്തരത്തിൽ ദൈവം പിതാവും പുത്രനുമൊക്കെയായി പരിണമിക്കാറുണ്ട്. യഹൂദർ ഞങ്ങൾ ദൈവത്തിന്റെ മക്കളും ഇഷ്ടക്കാരും - نَحْنُ أَبْنَاءُ اللَّهِ وَأَحِبَّاؤُهُ എന്നവകാശപ്പെടുന്നു. ഉസൈർ (എസ്രാ) ദൈവപുത്രനാണെന്നും പറഞ്ഞു. ഈസാ (അ) ദൈവത്തിന്റെ പുത്രനാണെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ഈ സങ്കൽപങ്ങളെയെല്ലാം മൊത്തത്തിൽ തള്ളിക്കളയുന്നതാണ് ഉപരിസൂചിതമായ 112: 3,4 സൂക്തങ്ങൾ. സഹധർമിണിയിലൂടെ കുട്ടികളുണ്ടാകുന്നതിനെ നിഷേധിച്ചുകൊണ്ട് 6:101-ൽ പറഞ്ഞു: أَنَّىٰ يَكُونُ لَهُ وَلَدٌ وَلَمْ تَكُن لَّهُ صَاحِبَةٌ (അവന് സഹധർമിണിയില്ലെന്നിരിക്കെ പുത്രനുണ്ടാകുന്നതെങ്ങനെ?). അല്ലാഹുവിന് സന്തതികളുണ്ടാവുക അസംഭവ്യമാണെന്ന് വ്യക്തമാക്കിക്കൊണ്ട് പ്രസ്താവിക്കുന്നു: ''പ്രവാചകൻ ജനങ്ങളോടു പറയുക: കരുണാമയനായ ദൈവത്തിന് പുത്രനുണ്ടായിരുന്നുവെങ്കിൽ ആ പുത്രനെ ആദ്യം ആരാധിക്കുന്നത് ഞാനാകുമായിരുന്നു. പക്ഷേ, ആകാശഭൂമികൾക്കും പ്രപഞ്ച സിംഹാസനത്തിനും ഉടയവനായവൻ ജനം ആരോപിക്കുന്ന ഗുണങ്ങൾക്കെല്ലാം അതീതനായ പരമപരിശുദ്ധനാകുന്നു.''

ഒറ്റപ്പെടാതിരിക്കുക, ആവശ്യസന്ദർഭങ്ങളിൽ സ്നേഹവും സഹാനുഭൂതിയും ലഭിക്കുക, വംശം നിലനിർത്തുക തുടങ്ങിയവയാണ് സന്തത്യുൽപാദനത്തിന്റെ ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങളൊന്നും അല്ലാഹുവിന്റെ കാര്യത്തിൽ പ്രസക്തമല്ല. ഒന്നാമതായി അവന്റെ പ്രകൃതിക്ക് മനുഷ്യപ്രകൃതിയുമായി യാതൊരു താരതമ്യവുമില്ല. സഹകാരികളോ സഹായികളോ ഇല്ലാത്ത ഏകനായിരിക്കൽ അവന്ന് കുറവല്ല, മികവാണ്. ആ ഏകതയിൽ തന്നെ എല്ലാം തികഞ്ഞവനാണവൻ. സന്തോഷവും സമാധാനവും ആനന്ദവുമൊന്നും അവന് മറ്റൊന്നിൽനിന്നും തേടേണ്ടതില്ല. അവൻ തന്നെ ആനന്ദവും സമാധാനവുമാണ്.

هُوَ اللَّهُ الَّذِي لَا إِلَٰهَ إِلَّا هُوَ الْمَلِكُ الْقُدُّوسُ السَّلَامُ الْمُؤْمِنُ الْمُهَيْمِنُ الْعَزِيزُ الْجَبَّارُ الْمُتَكَبِّرُ ۚ سُبْحَانَ اللَّهِ عَمَّا يُشْرِكُونَ ﴿٢٣﴾

(അവൻ സാക്ഷാൽ ദൈവമാകുന്നു. അവനല്ലാതെ ദൈവമില്ല. അവൻ പവിത്രനായ രാജാവാകുന്നു. പരമസമാധാനം, ശാന്തിദായകൻ, സർവരക്ഷകൻ, സർവാതിജയൻ, അഖിലവും അടക്കി ഭരിക്കുന്നവൻ, മഹോന്നതനായി വാഴുന്നവൻ. ജനം ആരോപിക്കുന്ന പങ്കാളിത്തങ്ങൾക്കൊക്കെയും അതീതനായ പരമപരിശുദ്ധനത്രെ അവൻ -59:23). ചില സൃഷ്ടികളെ ദൈവം സ്വന്തം പുത്രനായി വരിക്കുകയും തന്റെ ദിവ്യത്വം പങ്കുവെച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു എന്നു വിശ്വസിക്കുന്ന സമൂഹങ്ങളെയാണ് നാം ചർച്ച ചെയ്യുന്ന സൂക്തം സംബോധന ചെയ്യുന്നത്. അവരോട് പറയുന്നു: അല്ലാഹുവിന് ഒരു പുത്രൻ വേണമെന്നുണ്ടായിരുന്നുവെങ്കിൽ താൻ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന എണ്ണമറ്റ സൃഷ്ടികളിൽനിന്ന് ഇഷ്ടപ്പെട്ട ഒന്നിനെ അവൻ തന്നെ തെരഞ്ഞെടുക്കുമായിരുന്നു. അവനു നിങ്ങൾ പുത്രന്മാരെ തെരഞ്ഞെടുത്തു കൊടുക്കേണ്ട യാതൊരു കാര്യവുമില്ല. അവൻ പുത്രന്മാരെ തെരഞ്ഞെടുത്തിരുന്നുവെങ്കിൽ, ഇന്നിന്നവരെയൊക്കെ ഞാൻ പുത്രന്മാരായി സ്വീകരിച്ചിരിക്കുന്നു എന്ന് നിങ്ങളെ അറിയിക്കുകയും ചെയ്യുമായിരുന്നു. ആരൊക്കെയാണ് എന്റെ പുത്രന്മാർ എന്ന് നിങ്ങൾ പറഞ്ഞു തരേണ്ട കാര്യവും ഉണ്ടാകുമായിരുന്നില്ല. സന്തതികളിലൂടെ നികത്തേണ്ട യാതൊരു കുറവും അല്ലാഹുവിനില്ല. നിങ്ങൾ സന്തതികളിലൂടെ തേടുന്ന സൗഭാഗ്യങ്ങളെല്ലാം അവയുടെ പരമകാഷ്ഠയിൽ അവനിൽ തന്നെയുണ്ട്. സകലവിധ കുറവുകൾക്കും പരാശ്രയങ്ങൾക്കും അതീതനായ പരമപരിശുദ്ധനാണവൻ. അഖണ്ഡനും അദ്വിതീയനും സകലത്തിന്മേലും സർവാധിപത്യം വാഴുന്നവനുമായ ഏകദൈവം. ഇങ്ങനെയുള്ള പ്രപഞ്ചനാഥന് എങ്ങനെയാണൊരു പുത്രനുണ്ടാവുക?!

ദൈവത്തിന്റെ പുത്രന് ദൈവത്തിന്റെ സത്താപരമായ ഗുണങ്ങളുണ്ടായിരിക്കണമല്ലോ. ദൈവത്തിന്റെ പ്രാഥമികവും അനിവാര്യവുമായ ഗുണങ്ങളാണ് അനാദിയും അനന്തവുമായിരിക്കുക എന്നത്. കാലശൃംഖലയിലെ ഏതോ ഒരു കണ്ണിയിൽ ജനിക്കുകയും മറ്റൊരു കണ്ണിയിൽ മരിക്കുകയും ചെയ്ത സൃഷ്ടി അനാദിയും അനന്തനുമായ ദൈവമാവുക അസംഭവ്യമാണ്. ദൈവം സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കുടയവനാണ്. ദൈവപുത്രത്വം ആരോപിക്കപ്പെട്ടവർ എന്താണ് സൃഷ്ടിച്ചത്, സംഹരിച്ചത്? ഓരോ കാലഘട്ടങ്ങളിലാണല്ലോ ദൈവപുത്രന്മാർ ജനിക്കുന്നതും മരിക്കുന്നതും. ദൈവപുത്രനായി വാഴ്ത്തപ്പെടുന്ന ഈസാ(അ)യെ മർയം (അ) പ്രസവിച്ചത് രണ്ടായിരം വർഷം മുമ്പാണ്. അതുവരെ ദൈവം അനപത്യനായിരുന്നുവോ? ഈസാ (അ) ഇല്ലാതായിട്ടും രണ്ടായിരം വർഷം കഴിഞ്ഞു. ഇത്രയും കാലമായിട്ടും അവന് മക്കളൊന്നും ഉണ്ടാവാത്തതെന്തേ?

'അറാദ' 'ഇറാദ'ത്തിൽനിന്നും 'യശാള്', 'മശീഅ'

ത്തിൽനിന്നുമുള്ള ക്രിയകളാണ്. രണ്ടും പര്യായമാണെങ്കിലും അല്ലാഹുവുമായി ചേർത്തു പറയുമ്പോൾ ആശയങ്ങൾ വ്യത്യസ്തമാകുന്നു. നടപ്പിലാവുക അനിവാര്യമായ ദൈവേഛ-വിധി-യാണ് مشيئة. ഈ അടിസ്ഥാനത്തിലാണ് مَا شَاءَ اللهُ كَانَ وَمَالَمْ يَشَأْ لَمْ يَكُنْ (അല്ലാഹു ഇഛിച്ചതുണ്ടാകുന്നു, അവനിഛിക്കാത്തത് ഉണ്ടാകുന്നില്ല) എന്നു പറയാറുള്ളത്. സംഭവിക്കുന്നതെന്തും അല്ലാഹുവിന്റെ مشيئة-നാലാണ്. ഓരോ സൃഷ്ടിയുടെയും ഇഛകൾ പോലും. وَمَا تَشَاءُونَ إِلَّا أَن يَشَاءَ اللَّهُ رَبُّ الْعَالَمِينَ (സർവലോകവിധാതാവായ അല്ലാഹു ഇഛിക്കുന്നുവെങ്കിലല്ലാതെ നിങ്ങൾ ഇഛിക്കുന്നില്ല). അല്ലാഹുവിന്റെ ഇറാദത്തുകൾ സംഭവിക്കുക അനിവാര്യമല്ല. ഉദാ: يُرِيدُ اللَّهُ بِكُمُ الْيُسْرَ وَلَا يُرِيدُ بِكُمُ الْعُسْرَ (അല്ലാഹു നിങ്ങൾക്ക് സൗകര്യം ഉദ്ദേശിക്കുന്നു, ക്ലേശം ഉദ്ദേശിക്കുന്നില്ല -2:185).

وَمَا اللَّهُ يُرِيدُ ظُلْمًا لِّلْعِبَادِ (അല്ലാഹു അടിമകൾക്ക് അക്രമം ഉദ്ദേശിക്കുന്നില്ല -40:31). എങ്കിലും ധാരാളമാളുകൾ കഷ്ടനഷ്ടങ്ങൾക്കും അക്രമങ്ങൾക്കും ഇരയായിക്കൊണ്ടിരിക്കുന്നു. ●

---

خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۖ يُكَوِّرُ ٱلَّيْلَ عَلَى ٱلنَّهَارِ وَيُكَوِّرُ ٱلنَّهَارَ عَلَى ٱلَّيْلِ ۖ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ ۖ كُلٌّ يَجْرِى لِأَجَلٍ مُّسَمًّى ۗ أَلَا هُوَ ٱلْعَزِيزُ ٱلْغَفَّٰرُ ﴿٥﴾

5. വാനലോകത്തെയും ഭൂലോകത്തെയും അവൻ വ്യവസ്ഥാപിതമായി സൃഷ്ടിച്ചിരിക്കുന്നു. രാവിനെ പകലിന്മേൽ പൊതിഞ്ഞുകൊണ്ടിരിക്കുന്നു. പകലിനെ രാവിന്മേലും പൊതിഞ്ഞുകൊണ്ടിരിക്കുന്നു. സൂര്യചന്ദ്രന്മാരെ അവൻ വിധേയമാക്കിവെച്ചിരിക്കുന്നു. എല്ലാം നിശ്ചിത അവധിവരെ ചരിച്ചുകൊണ്ടേയിരിക്കും. അറിയുക, അവൻ അജയ്യനും ഏറ്റം പൊറുത്തുകൊടുക്കുന്നവനും തന്നെയാകുന്നു.

**5**

خَلَقَ السَّمَاوَاتِ وَالْأَرْضَ = വാനലോകത്തെയും ഭൂലോകത്തെയും അവൻ സൃഷ്ടിച്ചിരിക്കുന്നു

بِالْحَقِّ = സത്യം കൊണ്ട്, സത്യത്തോടെ (വ്യവസ്ഥാപിതമായി) يُكَوِّرُ اللَّيْلَ = അവൻ രാവിനെ പൊതിഞ്ഞുകൊണ്ടിരിക്കുന്നു

عَلَى النَّهَارِ = പകലിന്മേൽ وَيُكَوِّرُ النَّهَارَ عَلَى اللَّيْلِ = പകലിനെ രാവിന്മേലും പൊതിഞ്ഞുകൊണ്ടിരിക്കുന്നു

وَسَخَّرَ الشَّمْسَ وَالْقَمَرَ = സൂര്യചന്ദ്രന്മാരെ അവൻ വിധേയമാക്കി (വെച്ചിരിക്കുന്നു)

كُلٌّ يَجْرِي = എല്ലാം നടക്കുന്നു, ഒഴുകുന്നു (ചരിച്ചുകൊണ്ടിരിക്കും) لِأَجَلٍ مُّسَمًّى = നിശ്ചിതമായ അവധി വരെ

أَلَا = അറിയുക هُوَ الْعَزِيزُ الْغَفَّارُ = അവൻ അജയ്യനും ഏറ്റം പൊറുത്തു കൊടുക്കുന്നവനും തന്നെയാകുന്നു

പ്രപഞ്ചത്തെ അടക്കിഭരിക്കുന്ന ഏകശക്തിയാണ് അല്ലാഹു എന്നു പ്രസ്താവിച്ചതിനെ തുടർന്ന് അവന്റെ ഏകത്വത്തെയും അജയ്യമായ നിയന്ത്രണാധികാരത്തെയും വിളിച്ചോതുന്ന ചില ദൃഷ്ടാന്തങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. വാനലോകവും ഭൂലോകവും കണിശമായ വ്യവസ്ഥക്കു വിധേയമാക്കി സൃഷ്ടിച്ചുവെച്ചിരിക്കുന്നതിലേക്കു നോക്കുക. ഇവിടെ بِالْحَقِّ -സത്യമായി- എന്ന വാക്കുകൊണ്ട് അർഥമാക്കുന്നത്, സോദ്ദേശ്യം പരസ്പരാശ്രിതവും പരസ്പര പൂരകവുമായി പ്രവർത്തിക്കുന്ന യുക്തിയുക്തമായ വ്യവസ്ഥയോടെ എന്നാണ്. 3:191-ൽ, ആകാശഭൂമികളുടെ സൃഷ്ടിയെക്കുറിച്ച് ചിന്തിക്കുന്ന ദൈവഭക്തന്മാർ رَبَّنَا مَا خَلَقْتَ هَٰذَا بَاطِلًا- നാഥാ, ഇതൊന്നും നീ മിഥ്യയായി സൃഷ്ടിച്ചതല്ല- എന്ന് ആത്മഗതം ചെയ്യുമെന്ന് പറയുന്നുണ്ട്. അവിടെ باطل-ന്റെ താൽപര്യം അർഥശൂന്യതയും അലക്ഷ്യവും അവ്യവസ്ഥിതവും അനാസൂത്രിതവുമാണ്. അതിന്റെ വിപരീതമാണ് ഇവിടെ بِالْحَقِّ. ആകാശത്തിന്റെ, വാനലോക ഗോളങ്ങളുടെ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു ഭൂമിയുടെ ഈ രീതിയിലുള്ള നിലനിൽപ്. ഭൂമിയുടെ ഈ രീതിയിലുള്ള നിലനിൽപിനെ ആശ്രയിച്ചിരിക്കുന്നു മനുഷ്യരുൾപ്പെടെയുള്ള ജീവജാലങ്ങളുടെ നിലനിൽപ്. 14:19, 16:3, 29:44 സൂക്തങ്ങളിൽ നേരത്തേ ഇതേ വാക്കുകളിൽ ഇക്കാര്യം പറയുന്നുണ്ട്. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക.

പ്രകൃതിയുടെ വ്യവസ്ഥാപിതമായ പ്രവർത്തനത്തിന് ഉദാഹരണമാണ് കൃത്യമായി സംഭവിച്ചുകൊണ്ടിരിക്കുന്ന രാപ്പകൽഭേദം. يُكَوِّرُ اللَّيْلَ عَلَى النَّهَارِ وَيُكَوِّرُ النَّهَارَ عَلَى اللَّيْلِ എന്നാണ് ഇവിടെ രാപ്പകൽഭേദത്തെ വിവരിക്കുന്നത്. كرة (ഗോളം, ഉരുള)-ൽനിന്നുള്ള സകർമകക്രിയയാണ് يكوّر. വട്ടത്തിൽ ചുറ്റലും ചുരുട്ടലും പൊതിയലും മൂടലും تكوير ആണ്. كوّر العمامة തലയിൽ വസ്ത്രം ചുറ്റിക്കെട്ടി (തലപ്പാവ് കെട്ടി). ഭൂഗോളത്തിന്റെ അർധ ഭാഗത്തായി രാപ്പകലുകൾ സംഭവിക്കുന്നതിനെയാണ് يُكَوِّرُ اللَّيْلَ - كَوِّرُ النَّهَارَ എന്ന പ്രയോഗം കുറിക്കുന്നത്. അത് ഭൂമിയുടെ ഗോളാകൃതിയെ സൂചിപ്പിക്കുന്നുവെന്നും ആധുനിക മുഫസ്സിറുകൾ അഭിപ്രായപ്പെട്ടിരിക്കുന്നു. 7:54-ലും 13:3-ലും പറയുന്നത് يُغْشِي اللَّيْلَ النَّهَارَ -അവൻ രാവിനെ പകലാൽ മൂടുന്നു- എന്നാണ്. മറ്റനേകം സ്ഥലങ്ങളിൽ (ഉദാ: 35:13) يُولِجُ اللَّيْلَ فِي النَّهَارِ وَيُولِجُ النَّهَارَ فِي اللَّيْلِ -അവൻ രാവിനെ പകലിലും പകലിനെ രാവിലും കോർ

ക്കുന്നു- എന്നും പറഞ്ഞിരിക്കുന്നു. 25:62-ൽ പറയുന്നത് جَعَلَ اللَّيْلَ وَالنَّهَارَ خِلْفَةً-രാപ്പകലുകളെ ഒന്നിനു പിറകെ ഒന്നായി വരുംവിധം ക്രമീകരിച്ചു- എന്നാണ്. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ.

സൂര്യചന്ദ്രന്മാരും കണിശമായ വ്യവസ്ഥക്കു വിധേയമാണ്. എല്ലാം അവൻ വിധിച്ച വരയിൽനിന്ന് കടുകിട തെറ്റാതെ അവൻ നിശ്ചയിച്ച അവധി വരെ ചലിച്ചുകൊണ്ടിരിക്കും. അവയുടെ കൃത്യമായ ചലനത്തിന്റെ ഫലമായിട്ടാണ് ഭൂമിക്ക് അതിന്റെ ജൈവികപ്രകൃതി കിട്ടിയതും അതിൽ ജീവജാലങ്ങൾ വാഴുന്നതും. ഈ വിഷയവും നേരത്തേ 36-37-40, 13:2, 31:29, 35:13 സൂക്തങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതും വിശദീകരിച്ചുകഴിഞ്ഞിട്ടുള്ളതുമാണ്.

യുഗങ്ങളായി പ്രപഞ്ചത്തെ ഇത്ര സുഭദ്രമായി സംവിധാനിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശക്തി അജയ്യ ശക്തൻ തന്നെയാണെന്നു മനസ്സിലാക്കണം. അവന് വല്ല കുറവുമുണ്ടെങ്കിൽ പ്രപഞ്ചം ഈ അവസ്ഥയിൽ നിലൽക്കുമായിരുന്നില്ല. അവനെ ജയിക്കാൻ കഴിയുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവരിതു പിടിച്ചടക്കുമായിരുന്നു. അതിന്റെയും ഫലം പ്രപഞ്ചത്തിന്റെ തകർച്ചയായിരിക്കും. സൃഷ്ടികളുടെ ഭാഗധേയം നിശ്ചയിക്കാൻ അവനല്ലാതാരുമില്ല. അതുകൊണ്ടുതന്നെ അവനെ കൂടാതെ ആരാധ്യനുമില്ല. അവനെ മാറ്റിനിർത്തി അവനല്ലാത്തവരെ ദൈവങ്ങളാക്കി ആരാധിക്കുന്നതും അനുസരിക്കുന്നതും അവനെ ധിക്കരിക്കലും നിന്ദിക്കലുമാകുന്നു. അതിനവൻ അർഹിക്കുന്ന ശിക്ഷ നൽകാതിരിക്കില്ല. വല്ലവരും മൗഢ്യം കൊണ്ട് അങ്ങനെ ചെയ്തുപോയിട്ടുണ്ടെങ്കിൽ അതിൽനിന്ന് പിന്മാറുകയും അവനോടു മാപ്പു തേടുകയും ചെയ്യുക. തീർച്ചയായും മാപ്പു ലഭിക്കും. അജയ്യശക്തനായതോടൊപ്പം സൃഷ്ടികളോട് ഏറെ ദയയും ദാക്ഷിണ്യവുമുള്ളവനും അവരുടെ തെറ്റുകുറ്റങ്ങൾ പരമാവധി പൊറുത്തുകൊടുക്കുന്നവനും കൂടിയാണ് അല്ലാഹു. ഇതാണ് ഈ സന്ദർഭത്തിൽ أَلَا هُوَ الْعَزِيزُ الْغَفَّارُ-ന്റെ താൽപര്യം.

മുകളിൽ സൂചിപ്പിച്ചതുപോലെ, ഖുർആൻ അനേക തവണ ആവർത്തിച്ചു ചൂണ്ടിക്കാണിച്ചിട്ടുള്ളതാണീ ദൃഷ്ടാന്തം. പണ്ഡിതനെന്നോ പാമരനെന്നോ, പ്രാകൃതനെന്നോ നാഗരികനെന്നോ വ്യത്യാസമില്ലാതെ ഏതു മനുഷ്യനും സുഗ്രാഹ്യവും സുവ്യക്തവും ഗോചരവും എന്നാൽ അത്ഭുതകരവുമായ ദൈവിക ദൃഷ്ടാന്തമാണീ പ്രപഞ്ചപ്രകൃതി. ആരും കാണിച്ചുതരികയോ പറഞ്ഞുതരികയോ ചെയ്യാതെ തന്നെ എല്ലാവരും സദാ കണ്ടുകൊണ്ടിരിക്കുന്നതും അനുഭവിച്ചുകൊണ്ടിരിക്കുന്നതുമാണത്. ജീവിതകാലം മുഴുവൻ കണ്ടനുഭവിക്കുന്ന ദൃഷ്ടാന്തം മനസ്സിലാകാത്തവർക്ക് മറ്റ് ദൃഷ്ടാന്തങ്ങൾ അതിനേക്കാൾ ദുർഗ്രഹമായിരിക്കും. പക്ഷേ, സുഗ്രാഹ്യവും സുവ്യക്തവും അനുഭവവേദ്യവുമായിരുന്നിട്ടും അധികമനുഷ്യരും അതു ശ്രദ്ധിക്കുന്നില്ല. അതുകൊണ്ട് അല്ലാഹു വീണ്ടും വീണ്ടും മനുഷ്യന്റെ ബോധത്തെ അതിലേക്കുണർത്തുകയാണ്. ●

---

خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ ثُمَّ جَعَلَ مِنْهَا زَوْجَهَا وَأَنزَلَ لَكُم مِّنَ
ٱلْأَنْعَٰمِ ثَمَٰنِيَةَ أَزْوَٰجٍ ۚ يَخْلُقُكُمْ فِى بُطُونِ أُمَّهَٰتِكُمْ خَلْقًا
مِّنۢ بَعْدِ خَلْقٍ فِى ظُلُمَٰتٍ ثَلَٰثٍ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ لَهُ ٱلْمُلْكُ ۖ
لَآ إِلَٰهَ إِلَّا هُوَ ۖ فَأَنَّىٰ تُصْرَفُونَ ﴿٦﴾

6. നിങ്ങളെ അവൻ ഒരൊറ്റ ശരീരത്തിൽനിന്നു സൃഷ്ടിച്ചു. അതിൽനിന്നു തന്നെ അതിന്റെ ഇണയെ ഉളവാക്കി. നിങ്ങൾക്കു കാലിവർഗത്തിൽനിന്നുള്ള എട്ടിണകൾ ഇറക്കിത്തന്നു. നിങ്ങളെ അവൻ മാതാക്കളുടെ ഉദരത്തിൽ, മൂന്ന് ഇരുട്ടുകളിൽ ഒരു ദശക്കു പിറകെ മറ്റൊരു ദശ എന്ന ക്രമത്തിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഇതൊക്കെയും ചെയ്യുന്ന അല്ലാഹുവാകുന്നു നിങ്ങളുടെ വിധാതാവ്. അധികാരം അവന്നു മാത്രമാകുന്നു. അവനല്ലാതെ ദൈവമേതുമില്ല. ഇനിയും നിങ്ങൾ എങ്ങനെ തെറ്റിക്കപ്പെടുന്നു?

**6**

خَلَقَكُم = അവൻ നിങ്ങളെ സൃഷ്ടിച്ചു مِّن نَّفْسٍ وَاحِدَةٍ = ഒരു, ഒറ്റ വ്യക്തിയി(ശരീരത്തി)ൽനിന്ന്

ثُمَّ جَعَلَ مِنْهَا = പിന്നെ അതിൽനിന്ന് ഉണ്ടാ(ഉവാ)ക്കി زَوْجَهَا = അതിന്റെ ഇണയെ, ഭാര്യയെ

وَأَنزَلَ لَكُم = അവൻ നിങ്ങൾക്കായി ഇറക്കി (തന്നു) مِّنَ الْأَنْعَامِ = കാലികളി(കാലി വർഗത്തി)ൽനിന്നുള്ള

ثَمَانِيَةَ أَزْوَاجٍ = എട്ട് ഇണകളെ يَخْلُقُكُمْ = അവൻ നിങ്ങളെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു

فِي بُطُونِ أُمَّهَاتِكُمْ = നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ

خَلْقًا مِّن بَعْدِ خَلْقٍ = ഒരു സൃഷ്ടിക്കു ശേഷം ഒരു സൃഷ്ടിയായി (ഒരു ദശക്കു പിറകെ മറ്റൊരു ദശ എന്ന ക്രമത്തിൽ)

فِي ظُلُمَاتٍ ثَلَاثٍ = മൂന്നു ഇരുട്ടുകളിൽ ذَٰلِكُمُ اللَّهُ = അ(ഇ)തൊക്കെയും ചെയ്യുന്ന അല്ലാഹുവാകുന്നു

رَبُّكُمْ = നിങ്ങളുടെ വിധാതാവ് لَهُ الْمُلْكُ = അധികാരം അവന്നു മാത്രമാകുന്നു

لَا إِلَٰهَ إِلَّا هُوَ = അവനല്ലാതെ ദൈവം (ഏതും) ഇല്ല

فَأَنَّىٰ تُصْرَفُونَ = അപ്പോൾ (ഇനിയും) നിങ്ങൾ എങ്ങനെ തെറ്റിക്കപ്പെടുന്നു

ചുറ്റുപാടിൽ -മനുഷ്യൻ ഉൾക്കൊള്ളുന്ന പ്രപഞ്ചത്തിൽ- ഉള്ള, അനായാസം മനസ്സിലാക്കാവുന്ന ദൃഷ്ടാന്തങ്ങൾ ഓർമിപ്പിച്ച ശേഷം മനുഷ്യനിൽ തന്നെയുള്ള ദൃഷ്ടാന്തങ്ങൾ ഓർമിപ്പിക്കുകയാണ്. ഒറ്റ വ്യക്തിയിൽനിന്നാണ് ആദിപിതാവ് ആദമിൽനിന്നാണ് ലോകത്തെങ്ങും വ്യാപിച്ചു കിടക്കുന്ന കോടാനുകോടി മനുഷ്യരെയെല്ലാം അല്ലാഹു സൃഷ്ടിച്ചത്. ജീവനും ആത്മാവും ബുദ്ധിയും, ഈ ഗുണങ്ങളെല്ലാം വഹിക്കുന്ന ശരീരവും نفس ആണ്. സജീവ ശരീരമാണ് ഇവിടെ ഉദ്ദേശ്യം. زوج-ന് വർഗം, ഇണ, ഭാര്യ എന്നീ അർഥങ്ങളുണ്ട്. ഇണയും ഭാര്യയുമാണ് ഇവിടെ ഉദ്ദേശ്യം. ആദം ആകുന്ന ശരീരത്തിൽനിന്നാണ് അതിന്റെ ഇണയെയും സൃഷ്ടിച്ചത്. ഈ വാക്യം ഇതേ വിധം തന്നെ 4:1-ൽ വന്നിരിക്കുന്നു. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തത്തിനു താഴെ കാണുക. പലപല വർഗങ്ങളും വംശങ്ങളുമായി പെരുകിയ നിങ്ങളെയെല്ലാം ഒരൊറ്റ വ്യക്തിയിൽനിന്ന് സൃഷ്ടിച്ചുവെന്നതുതന്നെ അവന്റെ അപരിമേയമായ കഴിവിനും സൃഷ്ടിവൈഭവത്തിനും മതിയായ ദൃഷ്ടാന്തമാണെന്നു പറയുകയാണിവിടെ. ആദം (അ) എന്ന ആദിപിതാവിൽനിന്നാണ് മനുഷ്യോൽപത്തി എന്നത് പൊതുവിൽ അറിയപ്പെട്ടതും അംഗീകരിക്കപ്പെട്ടതുമാണല്ലോ.

മനുഷ്യവർഗത്തെ സൃഷ്ടിച്ചതോടൊപ്പം അവർക്ക് ജീവിക്കാനാവശ്യമായ വിഭവങ്ങളും അവൻ ഒരുക്കിക്കൊടുത്തു. മനുഷ്യൻ ആദ്യം കണ്ടെത്തിയ വിഭവങ്ങളിൽ മുഖ്യമായിരുന്നു കാലികൾ. അവയിൽനിന്ന് ആഹാരവും വസ്ത്രവും തേടി. പിന്നെ സഞ്ചരിക്കാനും ഭാരം വഹിക്കാനുമുള്ള വാഹനമായും കൃഷിക്ക് നിലമൊരുക്കാനുള്ള ഉപകരണമായും ഉപയോഗിച്ചു. ലോകത്ത് ആയിരക്കണക്കിൽ മൃഗങ്ങളുണ്ട്. അവയിൽ മനുഷ്യന് മെരുക്കിയെടുക്കാനും യഥേഷ്ടം പ്രയോജനപ്പെടുത്താനും കഴിഞ്ഞവയാണ് കാലികൾ - ഒട്ടകം, മാട്, കോലാട്, ചെമ്മരിയാട്. വംശവർധനവിനു വേണ്ടി ആണും പെണ്ണുമായി കാലികളെ എട്ട് ഇണകളാക്കിയിരിക്കുന്നു. രണ്ടെണ്ണം ചേർന്ന ജോഡിയെ കുറിക്കാനും ജോഡിയായി ഉള്ളതിലെ ഓരോന്നിനെ കുറിക്കാനും زوج ഉപയോഗിക്കും. زوج-ന്റെ ബഹുവചനമാണ് أزواج. എട്ടു ജോഡികളല്ല, എട്ട് എണ്ണം ചേർന്ന നാലു ജോഡിയാണ് ഇവിടെ ഉദ്ദേശ്യം. കാലികളെ അവൻ ഇറക്കി -انزل- എന്നാൽ വേദമിറക്കുന്നതു പോലെ, മഴയിറക്കുന്നതു പോലെ അവയെ ആകാശത്തുനിന്ന് ഇറക്കി എന്നല്ല ഉദ്ദേശ്യം. ഉപരിലോകത്തുനിന്നുള്ള -അല്ലാഹുവിന്റെ- കൽപനയാൽ നിങ്ങൾക്കു ഭൂമിയിൽ ഒരുക്കിത്തന്നു എന്നാണ്. നാം ഇരുമ്പിനെ ഇറക്കിത്തന്നു -وانزلنا الحديد- എന്നു പറഞ്ഞതുപോലയാണിത്. ഇരുമ്പുള്ളത് ഭൂമിക്കടിയിലാണല്ലോ. അതവിടെ ഉളവായത് റബ്ബിന്റെ കൽപനയാലാണ്. കാലികൾ ജീവിതം സുഗമമാക്കാനും നാഗരികത വികസിപ്പിക്കാനും ഒട്ടൊന്നുമല്ല മനുഷ്യനെ സഹായിച്ചിട്ടുള്ളത്. ഓർത്തു നോക്കിയാൽ അതുതന്നെ മനുഷ്യനിൽ അല്ലാഹുവിനോട് നന്ദിയുടെയും കൂറിന്റെയും വികാരം ഉണർത്തേണ്ടതാണ്. പക്ഷേ അധികമാളുകളും ആ രീതിയിൽ അവയെ നിരീക്ഷിക്കാൻ തയാറാകുന്നില്ല. നിങ്ങൾ കാലികളെ കൂട്ടംകൂട്ടമായി വളർത്തുന്നു. അവയുടെ പാൽ കുടിക്കുന്നു, മാംസം തിന്നുന്നു, രോമമരിയുന്നു. പാലിന്റെയും മാംസത്തിന്റെയും പോഷകങ്ങളെക്കുറിച്ചും അവയുടെ അളവും തൂക്കവും വർധിപ്പിക്കുന്നതിനെക്കുറിച്ചും മാത്രമേ ചിന്തിക്കുന്നുള്ളൂ. ആ പാലും മാംസവും ഒരുക്കിത്തരുന്ന അദൃശ്യ കരങ്ങളും അതിന്റെ മഹത്വവും മറന്നുകളയുന്നു. അവയുടെ മാത്രമല്ല, നിങ്ങളുടെയും രക്ഷകനെയാണ് അപ്പോൾ നിങ്ങൾ മറന്നുകളയുന്നത്. 6:142-144 സൂക്തങ്ങളിൽ കാലികളുടെ ഇണകളെക്കുറിച്ചും പ്രയോജനങ്ങളെക്കുറിച്ചും പറയുന്നുണ്ട്. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ.

ഇനി അല്ലാഹു നിങ്ങളെ നിങ്ങളുടെ മാതാക്കളുടെ ഉദരത്തിൽ ഒന്നിനു പിറകെ ഒന്നെന്ന ക്രമത്തിൽ പല ദശകളിലായി സൃഷ്ടിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുനോക്കുക. ഈ വിവിധ ദശകൾ 23:14-ൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു:

ثُمَّ خَلَقْنَا النُّطْفَةَ عَلَقَةً فَخَلَقْنَا الْعَلَقَةَ مُضْغَةً فَخَلَقْنَا الْمُضْغَةَ عِظَامًا فَكَسَوْنَا الْعِظَامَ لَحْمًا ثُمَّ أَنشَأْنَاهُ خَلْقًا آخَرَ ۚ فَتَبَارَكَ اللَّهُ أَحْسَنُ الْخَالِقِينَ ﴿١٤﴾

(അനന്തരം, പിതൃബീജത്തെ അവൻ മാതാവിന്റെ ഉദരത്തിൽ സിക്ത കോശമായി രൂപപ്പെടുത്തി. പിന്നെ സിക്ത കോശത്തെ ചർവണ മാംസമാക്കി പരിവർത്തിപ്പിച്ചു. പിന്നെ ചർവണ മാംസത്തെ അസ്ഥികളാക്കി പടച്ചു. എന്നിട്ട് ആ അസ്ഥികളെ മാംസം പൊതിഞ്ഞു. അനന്തരം അതിനെ തികച്ചും മറ്റൊരു സൃഷ്ടിയാക്കി വളർത്തിയെടുത്തു. ഏറ്റം ഭംഗിയായി സൃഷ്ടിക്കുന്ന അല്ലാഹു അളവറ്റ അനുഗ്രഹമുടയവൻ തന്നെ). 22:5-ലും മറ്റൊരു ശൈലിയിൽ ഈ ദശകൾ വിവരിച്ചിട്ടുണ്ട്. ഈ പ്രക്രിയകൾ നടക്കുന്നത് മൂന്നു ആവരണങ്ങൾക്കുള്ളിലാണ്. ظُلُمَاتٍ ثَلَاثٍ (മൂന്നു ഇരുട്ടുകൾ) എന്നാണ് മൂലവാക്ക്. ആവരണങ്ങൾക്കകത്ത് ഇരുട്ടായിരിക്കുമല്ലോ. ഉദരവും ഗർഭാശയവും മറുപിള്ളയുമാണ് ഈ മൂന്നു ആവരണങ്ങൾ. ഈ ആവരണങ്ങൾ അനാവശ്യമായി ഉണ്ടാകുന്നതല്ല. ഭ്രൂണത്തിന്റെ രക്ഷാകവചങ്ങളാണവ. ഭ്രൂണാവസ്ഥയിൽ പ്രകാശം ദോഷകരമാണ്. ജനിച്ചു വീണ് മൂന്നോ നാലോ ദിവസത്തിനു ശേഷമേ ശിശുവിന്റെ കണ്ണുകൾ പ്രകാശം സ്വീകരിക്കാൻ പര്യാപ്തമാകൂ. മാതാവ് പ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ ശരീരം ചൂടാകും. ഗർഭാശയ കവചങ്ങൾ ഈ ചൂട് ഭ്രൂണത്തെ ബാധിക്കാതെ സംരക്ഷിക്കുന്നു. മാതാവിന്റെ അനക്കങ്ങളും ചലനങ്ങളും ബാധിക്കാതെ കുട്ടിയെ അടക്കിക്കിടത്തുന്നതും ഈ കവചങ്ങളാണ്.

മേൽപറഞ്ഞവിധം ആസൂത്രിതമായും വ്യവസ്ഥാപിതമായും ഈ മഹാപ്രപഞ്ചത്തെയും നിങ്ങളെയും പരിപാലിച്ചുകൊണ്ടിരിക്കുന്നവനാണ് നിങ്ങളുടെ സാക്ഷാൽ ദൈവം. പ്രപഞ്ചത്തിന്റെ സർവാധികാരങ്ങളും അവന്നു മാത്രമുള്ളതാണ്. അവനല്ലാതെ ദൈവമേതുമില്ല. യാഥാർഥ്യം ഇത്രയൊക്കെ വ്യക്തമായിരുന്നിട്ടും നിങ്ങൾ എങ്ങനെയാണ് മിഥ്യയായ ബഹുദൈവങ്ങളിലേക്ക് വഴിതെറ്റിക്കപ്പെടുന്നത്? ഇതാണ് സൂക്തസമാപനത്തിലെ ذَٰلِكُمُ..... تُصْرَفُونَ എന്ന വാക്യത്തിന്റെ താൽപര്യം. ●